**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 871** — **28.09.2011-ൽ മറുപടിക്ക്.**

# മ്യൂസിയം മൃഗശാലാ വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം.എ. ബേബി** | | | **കുമാരി പി.കെ. ജയലക്ഷ്മി**<br>(ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) | നൂറ് ദിന കർമ്മപദ്ധതികളുടെ ഭാഗമായി 31-08.2011-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട മ്യൂസിയം - മൃഗശാല വികസന പദ്ധതി നടപ്പിലാക്കുന്നതിന് ചെലവായ മൊത്തം തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 91,19,802/രൂപ (തൊണ്ണൂറ്റിഒന്ന് ലക്ഷത്തി പത്തൊൻപതിനായിരത്തിഎണ്ണൂറ്റിരണ്ടുരൂപ മാത്രം) |
| (ബി) | 31.08.2011-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികൾ ഏതൊക്കെയായിരുന്നു; ഓരോ പദ്ധതിക്കും ഭരണാനുമതി നൽകിയത് എന്ന്; ടെണ്ടർ വിളിച്ചത് എന്ന്; പണി പൂർത്തീകരിച്ചത് എന്ന്; ചെലവായ തുക എത്ര; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | ഉദ്ഘാടന പരിപാടി സംഘടിപ്പിക്കുന്നതിന് ചെലവായ മൊത്തം തുക എത്ര; ഉദ്ഘാടന പരിപാടിയിൽ ആരൊക്കെ പങ്കെടുത്തു; | സി) | ഉദ്ഘാടനപരിപാടി സംഘടിപ്പിക്കുന്നതിന<br>മൊത്തം ചെലവായ തുക 80,660 രൂപ ആണ്<br>തിരുവനന്തപുരത്തെ പദ്ധതികളുടെ ഉദ്ഘാടനം<br>31.08.2011-ന് ബഹുമാനപ്പെട്ട മ്യൂസിയവു<br>മൃഗശാലയും വകുപ്പ് മന്ത്രി കുമാരി<br>പി.കെ. ജയലക്ഷ്മി നിർവഹിച്ചു. പ്രസ്തുത<br>ചടങ്ങിൽ ആരാധ്യയായ തിരുവനന്തപുരം നഗരസ<br>ഭാമേയർ അഡ്വക്കേറ്റ് കെ. ചന്ദ്രിക<br>ശ്രീ. കെ. മുരളീധരൻ എം.എൽ.എ., ബഹു. തിരുവ<br>നന്തപുരം നഗരസഭാ ഡെപ്യൂട്ടി മേയ<br>ശ്രീ. ജി. ഹാപ്പി കുമാർ, ബഹു. തിരുവനന്തപുര<br>ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രമണി. പ<br>നായർ, വാർഡ് കൗൺസിലർ ശ്രീമതി ലീലാമ്മ<br>ഐസക്ക് എന്നിവർ പങ്കെടുത്തു. സംസ്ഥാന മൃ<br>ശാല തൃശ്ശൂരിൽ നവീകരിച്ച വിവിധോദ്ദേശ്യ മ്യൂസ<br>യത്തിന്റെ ഉദ്ഘാടനം 6.09.2011-ന് ബഹ<br>എം.എൽ.എ. അഡ്വ. തേറമ്പിൽ രാമകൃഷ്ണ<br>ഉദ്ഘാടനം ചെയ്തു. ആരാധ്യനായ തൃശ്ശൂർ നഗരസ<br>ഭാ മേയർ ശ്രീ. ഐ.പി. പോൾ അദ്ധ്യക്ഷ<br>വഹിച്ചു. ബഹു. വാർഡ് കൗൺസിലർ പ്രൊഫ<br>അന്നം ജോൺ, നഗരസഭാ സ്റ്റാന്റിങ്ങ് കമ്മിറ്റി കൺ<br>വീനർ ശ്രീ. ഉസ്മാൻ എന്നിവർ ആശംസകൾ അ<br>പ്പിച്ചു. |

| | | | |
|---|---|---|---|
| ഡി) | പരിപാടി സംബന്ധിച്ച് 31.08.11-ൽ ദിനപത്രങ്ങളിൽ വന്ന പരസ്യങ്ങൾക്ക്, മ്യൂസിയം - മൃഗശാലാ വകുപ്പിനും, ഇൻഫർമേഷൻ- പബ്ളിക് റിലേഷൻസ് വകുപ്പിനും എത്ര തുക ചെലവായി ? | (ഡി) | മ്യൂസിയവും മൃഗശാലയും വകുപ്പിന് തുകയൊന്നും ചെലവായിട്ടില്ല. ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് 13,90,170 രൂപ പത്രങ്ങൾക്ക് നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്